കുണ്ടറയിൽ ഒരു ഇൻസ്പെക്ഷൻ ബംഗ്ലാവ്

1181 [2145] ശ്രീ. തോപ്പിൽ രവി: താഴെക്കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ വാട്ടർ സപ്ലൈ സ്കീമിന്റെ ഭാഗമായി കുണ്ടറയിൽ ഒപ്പാതു ജനാരോഗ്യവകുപ്പിന്റെ ഒരു ഇൻസ്പെക്ഷൻ ബംഗ്ലാവ് നിർമ്മിക്കാൻ ജല-മലിനജല അതോറിറ്റി ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

ഇല്ല.

ചെല്ലാനം പഞ്ചായത്തിലെ വിജയം കനാലിലെ മണ്ണൊലിപ്പ്

1182 [2147] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) യമഹ എഞ്ചിൻ ഘടിപ്പിച്ച നാടൻ വള്ളങ്ങൾ കൂടെക്കൂടെ സഞ്ചരിക്കുന്നതുമൂലം ചെല്ലാനം പഞ്ചായത്തിലെ വിജയം കനാലിന്റെ രണ്ടു കരകളിലും വല്ലാത്ത മണ്ണൊലിപ്പ് അനുഭവപ്പെടുന്നു എന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കനാലിന്റെ രണ്ടു കരകളിലും റീട്ടെയിനിംഗ് വാൾ കെട്ടാൻ നിശ്ചയിച്ചിട്ട് എത്ര വർഷങ്ങളായി എന്നു വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള പ്രസ്തുത ജോലി ഇതുവരെ ആരംഭിക്കാതിരിക്കാൻ കാരണമെന്താണ്;

(ഡി) പ്രസ്തുത തോടിന്റെ ഇരുകരകളിലും റീട്ടെയിനിംഗ് വാൾ പണിയാൻ ഉടനടി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റീട്ടെയിനിംഗ് വാൾ കെട്ടുന്നതിലേക്കായി വിശദമായ അന്വേഷണം നടത്തുവാൻ നിശ്ചയിച്ചത് ഈ സാമ്പത്തിക വർഷത്തിലാണ്.

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലമാണ്. ബഡ്ജറ്റിൽ 100 രൂപ മാത്രമേ വക കൊള്ളിച്ചിട്ടുള്ളു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ചു പണി ഏറ്റെടുത്തു നടത്തുന്നതാണ്.

നെയ്യാർ ഡാമിൽ മഴക്കാലത്ത് വന്നടിയുന്ന മണ്ണ്

1183 [2148] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിൽ ഓരോ മഴക്കാലത്തും വന്നടിയുന്നത് എത്ര ക്യൂബിക് മീറ്റർ മണ്ണാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുകൊണ്ട് ജലസംഭരണിയുടെ ശേഷി കുറഞ്ഞിട്ടുണ്ടോ;

(സി) ഈ മണ്ണൊലിപ്പ് തടയുന്നതിന് വേണ്ടി എന്തു നടപടി സ്വീകരിച്ചു;

(ഡി) ഈ ക്യാച്ച്മെൻറ് ഏരിയായിൽ മരംവച്ചു പിടിപ്പിക്കാൻ സർക്കാർ പദ്ധതിയുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനുവേണ്ടി എത്ര രൂപ ചെലവായി;

(എഫ്) ഡാമിൽ നിന്നുറയുന്ന ഈ മണ്ണ് വേനൽക്കാലത്ത് ഡാം വരളുമ്പോൾ നീക്കം ചെയ്തു സംഭരണശേഷി വർദ്ധിപ്പിക്കാൻ ഗവൺമെൻറിനുദ്ദേശമുണ്ടോ?

ഉത്തരം

(എ) മഴക്കാലത്ത് വന്നടിയുന്ന മണ്ണിൻറെ അളവ് തിട്ടപ്പെടുത്താൻ വിശദമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഉണ്ട്. എന്നാൽ ഉപയോഗപ്രദമായ സംഭരണിയുടെ ശേഷി കുറഞ്ഞിട്ടില്ല.

(സി) മണ്ണൊലിപ്പു തടയുന്നതിനു വേണ്ടി ജലസംഭരണിക്കു ചുറ്റും അഞ്ചുമീറ്റർ വീതിയിലെങ്കിലും മുളയോ അതുപോലുള്ള വൃക്ഷങ്ങളോ വച്ചുപിടിപ്പിക്കണമെന്നു വനംവകുപ്പിനോടു ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി ഭാഗത്ത് മനുഷ്യവാസവും കൃഷിയും ഒഴിവാക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

(ഡി) ക്യാച്ച്മെൻറ് ഏരിയായിലെ മരങ്ങൾ ഇല്ലാത്ത ഭാഗത്തു മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനു പദ്ധതികൾ ആവിഷ്കരിക്കാൻ വനംവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിക്കുന്നു.

(എഫ്) ഇല്ല.

ജല പാഴ്ജല അതോറിറ്റിക്ക് ലഭിച്ച ലോക ബാങ്ക് സഹായം

1184 [2149] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, എ. കെ. പത്മനാഭൻ:
,, വി. കേശവൻ:
,, ടി. കെ. ഹംസ:
,, പി. സി. തോമസ് (കടുത്തുരുത്തി): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല–പാഴ്ജല അതോറിറ്റി രൂപീകരണത്തിനുശേഷം ലോക ബാങ്കിൽനിന്ന് ശുദ്ധജല വിതരണ പദ്ധതികൾക്കായി എന്തു സഹായം ലഭിച്ചിട്ടുണ്ട്;

(ബി) കടമെടുത്തിട്ടുള്ളതിൻറെ കാലാവധി എന്നുവരെക്കാണ്;

(സി) പലിശനിരക്ക് എത്രയാണ്;

(ഡി) ബാങ്ക് വായ്പയുടെ തവണകൾ ഏതെങ്കിലും തിരിച്ചടച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly